# ക്ലാസ് അക്കാദമിക - മാസ്റ്റർ പ്ലാൻ.

## Ist Standard.
## 2025 - 26

ക്ലാസ് ടീച്ചറുടെ പേര് : ശ്യാമ. ആർ

വിദ്യാലയത്തിന്റെ പേര് : ജി. ഡബ്ല്യു. എൽ. പി. എസ്. കുലശേഖരപുരം.

ഉപജില്ല : കരുനാഗപ്പള്ളി

ജില്ല : കൊല്ലം.

# ഉള്ളടക്കം


1. ആമുഖം
2. പ്രവർത്തനകലണ്ടർ
3. പാട്ടരങ്ങ്
4. സംയുക്തഡയറി
5. മലയാളം മധുരം
6. നിർമ്മാണശില്പശാല
7. റീഡേഴ്സ് തിയേറ്റർ
8. രചനോത്സവം
9. കൂട്ടെഴുത്തു പത്രം
10. നാട്ടുവിശേഷം കൂട്ടെഴുത്ത്
11. വരയുത്സവം
12. സചിത്രകഥാരചന
13. ശാസ്ത്രോത്സവം
14. അരങ്ങ്
15. സമഗ്രവിലയിരുത്തലും പഠനപുരോഗതിയും
16. ക്ലാസ് പി.ടി.എ ശക്തമാക്കൽ
17. പഠനോത്സവം

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണകാലം |
|---|---|---|
| 1. | പാട്ടരങ്ങ് | ഓരോ ടേമിലും ഒന്ന് |
| 2. | സംയുക്ത ഡയറി | ജൂലൈ |
| 3. | മലയാള മധുരം | ജൂൺ മുതൽ |
| 4. | നിർമ്മാണ ശില്പശാല | ജൂലൈ അവസാനം |
| 5. | റീഡേഴ്സ് തിയേറ്റർ | ഡിസംബർ |
| 6. | രചനോത്സവം | സെപ്തംബർ |
| 7. | കൂട്ടെഴുത്തുപത്രം | ഒക്ടോബർ |
| 8. | നാട്ടുവിശേഷം - കൂട്ടെഴുത്ത് | ഒക്ടോബർ |
| 9. | വരയുത്സവം | നവംബർ |
| 10. | സചിത്രകഥാരചന | ഡിസംബർ |
| 11. | അരങ്ങ് | ജനുവരി |
| 12. | ശാസ്ത്രോത്സവം | ഫെബ്രുവരി |
| 13. | സമഗ്രാവിലയിരുത്തലും പഠനപുരോഗതിയും | ജൂൺ മുതൽ |
| 14. | ക്ലാസ് പി ടി എ ശക്തമാക്കൽ | ജൂൺ മുതൽ |
| 15. | പഠനോത്സവം | മാർച്ച് |

## ആമുഖം

ജി. ഡബ്ല്യു. എൽ. പി. സ്കൂളിൽ 2025-26 അധ്യായന വർഷം കുട്ടികൾ ഒന്നാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ പ്രവേശിപ്പിക്കപ്പെട്ട എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിത പരിപാടികൾ ആവശ്യമാണ്. പൊതുവിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ ഒന്നാം ക്ലാസിലും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

### വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം.

- ഭാഷാശേഷി വികസനത്തിലൂന്നിയ അക്കാദമിക മാസ്റ്റർ പ്ലാൻ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളും സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ച് തെറ്റില്ലാതെ ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും ആശയങ്ങളും അനുഭവങ്ങളും തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നതിനും കഴിവ് നേടും.
- രക്ഷിതാക്കളുടെ സഹായത്തോടുകൂടി കുട്ടികൾ സംയുക്തഡയറി-യെഴുത്തിൽ ഏർപ്പെടുകയും സ്വതന്ത്ര രചിതാക്കളാവുകയും ചെയ്യും
- സ്വായത്തമാക്കിയ അക്ഷരങ്ങൾ ഉപയോഗിച്ചുള്ള സ്വതന്ത്ര സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികൾക്ക് അവസരം ലഭിക്കും.
- സ്കൂളിലെ പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ക്ലാസ് പി.ടി.എ. കൾ ശക്തിപ്പെടുത്തും.
- സ്കൂളിന് പൊതുസമൂഹത്തിന്റെ അംഗീകാരം ലഭിക്കും.

# പാട്ടരങ്ങ്

ഒന്നാം ക്ലാസിൽ ഭാഷാപഠനവുമായി ബന്ധപ്പെട്ട് പാട്ടിന് വളരെ പ്രധാനമായ സ്ഥാനമാണുള്ളത്. താളാത്മകമായ ഭാഷ ആസ്വാദനരീതി പ്രകാരമുള്ള ഭാഷാപഠനത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിലൊന്നാണ്. കുട്ടികളിലെ താളബോധ വികാസത്തിനും പാഠ്യപദ്ധതി ഊന്നൽ നൽകുന്നു. കുട്ടികളിൽ പഠനതാൽപര്യം വളർത്താനും പഠനം ആസ്വാദ്യമാക്കുന്നതിനും സഹായകമാണ് പാട്ടുകൾ. വൈവിധ്യമുള്ള പാട്ടുകൾ പരിചയപ്പെടുന്നതിനും അവ പൊതുസദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കുന്ന പാട്ടരങ്ങ് വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനമാണ്.

## ലക്ഷ്യങ്ങൾ.

പരിഷ്കരിച്ച പാഠ്യപദ്ധതി പ്രകാരം ഒന്നാം ക്ലാസിൽ പാട്ടുമായി ബന്ധപ്പെട്ട പഠനലക്ഷ്യങ്ങൾ ഭാഷാവികാസമേഖലയിലും സർഗാത്മക സൗന്ദര്യാത്മക വികാസമേഖലയിലും ഉണ്ട്. അവ നേടുക എന്നതാണ് പാട്ടരങ്ങിന്റെ പ്രധാനലക്ഷ്യം. പഠനലക്ഷ്യങ്ങൾ ചുവടെ നൽകുന്നു.

### സർഗാത്മക സൗന്ദര്യാത്മക വികാസം (കലാവിദ്യാഭ്യാസം)

1. പാട്ടരങ്ങുകളിൽ താളത്തിനനുസരിച്ച് ശരീരചലനങ്ങളിലൂടെ ആകർഷകമായി പാട്ടുകൾ അവതരിപ്പിക്കുക.
2. ചെറുസദസ്സുകളിൽ കഥകൾ, പാട്ടുകൾ, കവിതകൾ/അഭിനയഗാനങ്ങൾ എന്നിവ സംഘമായും ഒറ്റയ്ക്കും കൂട്ടായി ഉൾപ്പെടുത്തിയ മാനദണ്ഡങ്ങൾ പ്രകാരം ഭാവാത്മകമായി അവതരിപ്പിക്കുന്നു.
3. ചൊല്ലിക്കേൾക്കുന്ന പാട്ടുകൾ ഈണവും താളവും പാലിച്ചു കൊണ്ട് ഏറ്റുചൊല്ലുന്നു.
4. പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റയ്ക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പി-

ക്കുകയും ചെയ്യുന്നു.

5. താളവൈവിധ്യം ഉള്ള പാട്ടുകൾ ഈണത്തോടെ ആസ്വദിച്ചും ആടിയും ചൊല്ലു
അഭിനയിച്ചും ...

6. പാടിപഠിച്ച പാട്ടുകൾക്ക് കൂട്ടുകാർക്ക് ഒപ്പം ചൊല്ലാവുന്ന
തരത്തിൽ താളവും ഈണവും പാലിച്ചുകൊണ്ട് പാടി
ക്കുന്നു.

7. പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താള
ത്തോടെയും ഈണത്തിലും സ്വന്തമായി ചൊല്ലുന്നു.

8. സന്ദർഭം ആവശ്യപ്പെടുന്ന തരത്തിൽ താളത്തോട് പൊരുത്ത
പ്പെടുന്ന വിധത്തിൽ പുതിയ വാക്കുകളും വരികളും കൂട്ടിച്ചേർത്ത്
പാടാൻ കഴിവു നേടുന്നു.

9. പാട്ടരങ്ങുകളിൽ പാട്ടിന്റെ അർത്ഥവും താളവും ഉൾക്കൊണ്ട്
ഉൾക്കൊണ്ട് പാടാനും ഭാവത്തിന്റെ ചില ഒരുമിക്കുന്ന
സംഘപാഠികൾ പിടിനിർത്തിക്കൊടുക്കുന്നത് താളങ്ങളെയും
തുടരാൻ പാകമായ ഇടത്തിൽ ചൊല്ലിനിർത്തുകയും ചെയ്യുന്നു.

## ഭാഷാ വികസനം.

1. ബാലകവിതകളും കുട്ടിപ്പാട്ടുകളും കേട്ടും വായിച്ചും ആസ്വദി
ക്കാനുള്ള കഴിവ് നേടുന്നു.

2. ലളിതമായ കവിതകളും പാട്ടുകളും ആസ്വാദ്യതയോടെ ചൊ
അവതരിപ്പിക്കുന്നു.

3. വായ്ത്താരികൾ, നാടൻ പാട്ടുകൾ എന്നിവ കേൾക്കും
ചൊല്ലാനും വായ്ത്താരികൾക്ക് താളത്തിനനുസരിച്ച് ചുവട്
വയ്ക്കാനും കളിക്കാനുമുള്ള കഴിവ് നേടുന്നു.

പാഠത്തിന്റെ ഉള്ളടക്കം.

ഒന്നാം ടേമിലെയും പാഠങ്ങളുമായി ബന്ധപ്പെട്ട പാട്ടുകളാണ് മുഖ്യമായി പാഠത്തിലേക്ക് പരിഗണിക്കുക. ഒന്നാം ടേമിലെ പാട്ടുകൾ വിഭാഗം തിരിച്ച് ചുവടെ നൽകുന്നു.

അഭിനയസാധ്യതയുള്ള പാട്ടുകൾ:

1. ചിറകടിച്ച് ചിറകടിച്ച് വരികയാണ് പാവകൾ.
2. ദേശാടകരാം കിളികളൊരിക്കൽ.
3. പാടി വിളിച്ചാൽ പാറിവരും.

വായ്ത്താരിയുള്ള പാട്ടുകൾ.

1. പട, പട പട പട.
2. അമ്പിളിയല്ലോ അമ്പിളി.
3. പട്ടം പട്ടം പട്ടം പട്ടം.
4. താനാരം താനാരം തക (പറവപ്പാട്ട്)

ചോദ്യോത്തരപ്പാട്ടുകൾ.

1. കാറ്റേ കാറ്റേ നീയെങ്ങോട്ടാണിത്
2. അപ്പം വേണോ പത്തപ്പം ?
3. വെളുവെളുത്തൊരു പാലപ്പം.

ചുവടുവെച്ച് പാടാവുന്ന പാട്ടുകൾ.

1. കാക്കക്കുണ്ടൊരു കുപ്പായം കറുത്ത കുപ്പായം.
2. കാറ്റേ കാറ്റേ നീയെങ്ങോട്ടാണിത്.
3. അമ്പിളി അമ്പിളി
4. വെളുവെളുത്തൊരു പാലപ്പം.
5. അപ്പം വേണോ പത്തപ്പം ?
6. താരാ പൂവു പറിച്ചാൽ ചോറാ.

## നിർമ്മാണവുമായി ബന്ധപ്പെട്ട പാട്ടുകൾ.

- ചുവന്ന ചോപ്പൻ നാവായി വെട്ടി

## ശാസ്ത്രബോധവുമായി ബന്ധപ്പെട്ടവ.

1. മണ്ണ വാരി പൂശി നിൽക്കും.
2. മെഴുക് കൊണ്ടൊരു കൊട്ടാരം.
3. തുന്നാരൻ കിളി തുന്നിക്കൂട്ടിയ.
4. അവിയിൽ വേവും ആഹാരങ്ങൾ ഇലയട, പുട്ട്, ...
5. തൊട്ടുകൂട്ടും തൊടുകറികൾ.

ഈ അഞ്ചു വിഭാഗങ്ങളിൽ പെട്ട പാട്ടുകളാണ് പാട്ടരങ്ങി... ഉൾപ്പെടുത്തുക.

## പാട്ടരങ്ങിന്റെ നിർവ്വഹണകാലം.

- ഒന്ന്, രണ്ട് യൂണിറ്റുകൾ പൂർത്തിയായതിനു ശേഷമാണ് ആദ്യത്തെ പാട്ടരങ്ങ്. ക്ലാസ് പി.ടി.എ യുമായി സംഘടിപ്പി... ക്കുക. (ജൂലൈ)
- ഒന്നാം ടേമിന്റെ അവസാനം പാട്ടുപുസ്തകം എന്നപേരി... ...ണവുമായി ബന്ധപ്പെട്ട പാട്ടുകളുടെ അവതരണം ഉണ്ടാ...
- രണ്ടാം ടേമിന്റെ അവസാനവും മൂന്നാം ടേമിന്റെ അവസാന... പാട്ടരങ്ങുകൾ സംഘടിപ്പിക്കുന്നതാണ്.
- പഠനോത്സവത്തിൽ പാട്ടരങ്ങ് ഒരു ഇനമായിരിക്കും.

# സംയുക്ത ഡയറി

2023-24 അക്കാദമിക വർഷം കേരളത്തിലെ ഒന്നാം ക്ലാസിൽ ഉപയോഗിച്ച് വിജയം കണ്ട പരിപാടിയാണിത്. ബഹുഭൂരിപക്ഷം രക്ഷിതാക്കളും ഈ പരിപാടി ഗുണകരം എന്ന് അഭിപ്രായപ്പെട്ടിരുന്നു. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും സ്വതന്ത്ര രചയിതാക്കളാക്കാൻ സംയുക്തഡയറിയെഴുത്ത് സഹായകമാണ്.

**ലക്ഷ്യങ്ങൾ.**

1. കുട്ടികളുടെ സ്വതന്ത്ര രചനാശേഷി വികസിപ്പിക്കുക.
2. പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുക.
3. കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതിദിനം ചിത്രം സഹിതം ചെറുവാക്യങ്ങളിൽ രേഖപ്പെടുത്തുക.
4. ആശയാവതരണ രീതിയുടെ ഉയർന്ന ഘട്ടങ്ങളിൽ ഒന്നെന്ന രീതിയിൽ സംയുക്ത ഡയറിയെഴുത്തിനെ പ്രയോജനപ്പെടുത്തുകയും തനിച്ചെഴുത്തിലേക്ക് വഴിയൊരുക്കുകയും ചെയ്യുക.

**ഡയറിയെഴുത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ.**

1. ക്ലാസ് PTA യോഗം വിളിച്ച് പ്രത്യേക ബോധ്യപ്പെടുത്തൽ.
2. മുൻവർഷത്തെ ഡയറികൾ പരിചയപ്പെടുത്തൽ.
3. അച്ചടിച്ച ഡയറി കാണുവാൻ അവസരം ഒരുക്കൽ.
4. ഡയറിയെഴുത്തുമൂലമുണ്ടായ ഭാഷാപരമായ ഗുണവും വ്യക്തമാക്കൽ.
5. കുട്ടിയോടൊപ്പമിരുന്ന് സംയുക്ത ഡയറി എഴുതി പ്രക്രിയ മനസ്സിലാക്കൽ.
6. ഡയറി എഴുതുന്നതിനായി ഓരോ കുട്ടിക്കും ചെറിയ ഒരു നോട്ട് ബുക്ക് ഉറപ്പാക്കൽ.

7. സംയുക്ത ഡയറിയുടെ പ്രതിയ സൗജന്യമായി വാങ്ങ[…]
എല്ലാ രക്ഷിതാക്കൾക്കും ലഭ്യമാക്കൽ.

8. ക്ലാസ്സിലെ ഉണ്ടാക്കാം.

9. ഓരോ ദിവസവും ക്ലാസ്സ്സമയം കുട്ടികളോടൊപ്പം ചർ[…]
അന്നു ദിവസം അവർ കണ്ട, അനുഭവിച്ച കാര്യങ്ങൾ രക്ഷിതാ[…]
പറയിപ്പിക്കണം.

10. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നോ രണ്ടോ കാര്യ[…]
തിരഞ്ഞെടുക്കണം. രാവിലെ എണീറ്റു, കുളിച്ചു എന്ന[…]
ദിനചര്യകൾ എഴുതുന്ന രീതിയും ക്ലാസിൽ നടന്ന കാര്യ[…]
മാത്രം എന്നും എഴുതുന്ന രീതിയും നിരുത്സാഹപ്പെടുത്ത[…]

11. തിരഞ്ഞെടുത്തവ സംബന്ധിച്ച് വിശദാംശങ്ങൾ പറയി[…]
എഴുതാൻ കഴിയുന്ന ആശയങ്ങൾ ചർച്ചയിലൂടെ രൂപപ്പെടുത്ത[…]
അത് വാക്യങ്ങളാക്കി എഴുതുന്നതിനു വേണ്ടി ഭാഗത്തി[…]
പറഞ്ഞു കൊടുക്കാം. കുട്ടികളുടെ സ്വന്തം പ്രയോഗ[…]

12. ചെറിയ വാക്യങ്ങളാണ് നല്ലത്.

13. അതും പേജിന്റെ പകുതിഭാഗത്ത് എഴുതുന്ന കാര്യ[…]
മായി ബന്ധപ്പെട്ട ചിത്രം കൂടി കഴിയുന്ന രീതിയിൽ വരയ്ക്ക[…]
നിർദേശം നൽകണം.

14. ഓരോ ആശയവും എഴുതുന്നതിനുള്ള പ്രോത്സാഹനം
നൽകേണ്ടത്. ഓരോ വാക്കും എഴുതുമ്പോൾ അതിൽ കുട്ടി[…]
അറിയുന്ന അക്ഷരങ്ങൾ അവർ പെൻസിൽ കൊണ്ട് എഴുതണ[…]

15. ബാക്കിഭാഗം രക്ഷിതാക്കൾ പേന കൊണ്ടും എഴുതിച്ചേർ[…]
യാകണം. അമ്മയും അച്ഛനും കുടുംബാംഗം സംയുക്ത
ഡയറിയെഴുത്തിൽ പങ്കാളികളാകണം.

16. തുടക്കത്തിൽ പേനകൊണ്ടുള്ള എഴുത്ത് കൂടുതലായി[…]
പിന്നെ പെൻസിൽ കൊണ്ടുള്ള എഴുത്ത് കൂടി വരും.

4. പഠിക്കാത്ത അക്ഷരങ്ങൾ ചേർന്ന വാക്കുകൾ വരാം. അത് ഒഴിവാക്കേണ്ടതില്ല. രക്ഷിതാക്കൾ ആ അക്ഷരങ്ങൾ എഴുതി കൊടുത്താൽ മതി.

5. ചെറുകുറിപ്പ് മതി. മൂന്നോ നാലോ വാക്യങ്ങൾ. സംയുക്ത ഡയറി എഴുത്ത് ശീലമാക്കിയാൽ കുട്ടികൾ തന്നെ കൂടുതൽ ആശയങ്ങൾ എഴുതാൻ താൽപര്യപ്പെടും.

6. എഴുതികഴിഞ്ഞാൽ സംയുക്തമായി ചൂണ്ടി വായന നടത്താം

## ഡയറി പങ്കിടൽ

എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും. സ്റ്റാറും ശരിയും സമ്മാനത്തോടെയുള്ള തിരുത്തലും നടത്തും. തിരുത്തൽ പ്രത്യേക തെളിവു നൽകിയാവും. പരിചയിച്ച അക്ഷരങ്ങൾ എഴുതിയതിലെ പ്രശ്നങ്ങളാണ് പരിഹരിക്കേണ്ടത്. അകലം ശ്രദ്ധിക്കും.

ക്ലാസിൽ കുട്ടികളുടെ ഡയറി അധ്യാപിക വായിച്ചുകേൾപ്പിക്കുന്നത് രചനാരീതി സംബന്ധിച്ച് മറ്റുള്ളവർക്ക് ധാരണ ലഭിക്കുന്നതിന് സഹായകമാകും. എഴുതിയ കുട്ടിക്ക് അംഗീകാരവും.

ഡയറിയിൽ ഗുണാത്മകകുറിപ്പുകൾ എഴുതൽ

- ക്ലാസ് വാട്സാപ്പ് ഗ്രൂപ്പിൽ ഡയറിയെക്കുറിച്ചുള്ള ഗുണാത്മക കുറിപ്പുകൾ പങ്കിടൽ. ഇങ്ങനെ പങ്കിടുമ്പോൾ വിഷയ വൈവിധ്യവും ആവിഷ്കാര വൈവിധ്യവും ഓരോ ദിവസവും പരിഗണിക്കും.
- ഭാഷയിലെ പ്രത്യേകതകൾ.
- കുട്ടി ലോകത്തെ നോക്കിക്കാണുന്ന രീതികളിലെ വൈവിധ്യവും കുട്ടിത്തവും.
- പ്രതിഫലിക്കുന്ന നിരീക്ഷണ പാടവും
- ഗൗരവ കാര്യങ്ങൾ.
- സ്നേഹബന്ധങ്ങളുടെ ആവിഷ്കാരം.

- യാത്രാനുഭവ വിശേഷങ്ങൾ.
- വിവിധ തീമുകളുമായി ബന്ധപ്പെട്ട രചനകൾ.
- ഡയറി എഴുതുന്നതിന് വീട്ടിൽ പിന്തുണ താരതമ്യേന കുറ[illegible] കുട്ടികൾക്കായി വിദ്യാലയത്തിലെ മുതിർന്ന കുട്ടികൾ, സഹായസന്നദ്ധരായവരുടെ സേവനം പ്രയോജനപ്പെടുത്തി ആഴ്ചയിൽ ഡയറി എഴുതലും ഉറപ്പാക്കൽ.
- പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് അധ്യാപിക സഹായത്തിന്റെ അളവ് കൂട്ടുകയോ, ആവശ്യമെങ്കിൽ എ[illegible] കൊടുക്കുകയോ ചെയ്യും.
- സംയുക്ത ഡയറിയിലെ പുരോഗതി അധ്യാപിക വിലയിരുത്തുന്നതാണ്.

ഡയറിയുടെ പ്രകാശനം.

- ക്ലാസ് PTA യിൽ തീരുമാനിക്കൽ.
- ഡയറി പുസ്തകരൂപത്തിലാക്കുന്നതിന് സാങ്കേതിക വൈദഗ്ധ്യമുള്ളവരുടെ സഹായം തേടൽ.
- ഡയറി പ്രകാശന തീയതിയും രീതിയും മുന്നൊരുക്കവും.
- ഡയറി പ്രകാശനം.

# വായനോത്സവം മുതൽ മലയാളം മധുരം വരെ

വായനോത്സവത്തിൽ തുടങ്ങി ബാലസാഹിത്യകൃതികൾ സ്വന്തമായി വായിക്കുന്നതിൽ എത്തിനിൽക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് ഈ പരിപാടിയിൽ ഉള്ളത്. കുട്ടികളെ സ്വന്തമായി വായനക്കാരാക്കി മാറ്റുക എന്ന ലക്ഷ്യമാണുള്ളത്.

ലക്ഷ്യങ്ങൾ.

1. ഒന്നാം ക്ലാസിൽ എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.
2. രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുക.
3. എല്ലാ കുട്ടികളെയും സ്വന്തമായി വായനക്കാരാക്കുക.
4. വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ കുട്ടികളുടെ വാചികാവതരണ ശേഷി വികസിപ്പിക്കുക.
5. ആശയഗ്രഹണ വായന, ആസ്വാദ്യ വായന എന്നിവ പ്രോത്സാഹിപ്പിക്കുക.
6. കുട്ടികൾ വായനയിൽ നേടിയ ശേഷി പൊതുസമൂഹവുമായി പങ്കിടുക.

വായനോത്സവം.

പുസ്തകങ്ങൾ വായിച്ചു കേൾക്കുന്നതിലൂടെ കുട്ടിയുടെ ആസ്വാദനം വികസിക്കുന്നു. വ്യത്യസ്തമായ രീതിയിലുള്ള സംഭാഷണങ്ങളും വിവരണങ്ങളും പരിചയപ്പെടുന്നു. കേട്ട് ആശയം ഗ്രഹിക്കുന്നതിനുള്ള കഴിവ് വികസിക്കുന്നു. ആശയങ്ങൾ, സംഭവങ്ങൾ എന്നിവ ക്രമമായി ഓർത്തുപറയുന്നതിനുള്ള കഴിവ് നേടുന്നു. ചിത്രസൂചനകളിൽ നിന്നും കഥയുടെ ഉള്ളടക്കം, തുടർച്ച എന്നിവ ബന്ധിപ്പിച്ച് പ്രവചനം നടത്താനാകുന്നു. ഗ്രാഫിക് റീഡിംഗ് നടക്കുന്നു. പുസ്തകങ്ങളെ ഇഷ്ടപ്പെടുന്നു. വായനാസംസ്കാരം പൊതുവേ മുതൽ ഉയർത്താനാകുന്നു.

ഉദ്ദേശ്യം കുട്ടിയുടെ ഭാഷാ, അനുബന്ധ വികാസത്തിൽ രക്ഷിതാക്കളും പങ്കാളികളാകാനാകുന്നു.

## മുന്നൊരുക്കം.

## ക്ലാസ് ലൈബ്രറി ക്രമീകരിക്കൽ.

വായനോത്സവം നടത്തുന്നതിനായി ക്ലാസ് ലൈബ്രറി ക്രമീകരിക്കുന്നു. ഒന്നാം ക്ലാസിലെ കുട്ടികൾക്കിണങ്ങിയ ചിത്രങ്ങൾ കൂടുതലുള്ളതും എഴുത്ത് കുറഞ്ഞതുമായ പുസ്തകങ്ങളാണ് വേണ്ടത്. അധികം പേജുകൾ പാടില്ല. ആകർഷകമായ ലേ ഔട്ടും വേണം. ചിത്രങ്ങൾ ചിത്രവായനയ്ക്ക് സഹായകമാകണം. ഓരോ പുസ്തകത്തിന്റെ ഒന്നിലധികം കോപ്പികൾ. ക്ലാസ് PTA യിൽ രക്ഷിതാവും കുട്ടിയും ചേർന്ന ഈ വായന പരിചയപ്പെടുത്തൽ. (സിമുലേഷൻ)

- കഥ ഊഹിക്കാൻ കുട്ടിക്ക് അവസരം ഒരുക്കൽ. രക്ഷിതാവിന്റെയും കുട്ടിയുടെയും മുന്നിൽ പുസ്തകം വെക്കുക. പുസ്തകത്തിലെ ഏതെങ്കിലും ചിത്രസന്ദർഭം തിരഞ്ഞെടുത്ത് ഇനി എന്തായിരിക്കും സംഭവിച്ചിരിക്കുക അല്ലെങ്കിൽ മുമ്പ് എന്തായിരിക്കും സംഭവിച്ചത് ? എന്തായിരിക്കും കഥയുടെ തുടക്കം ? എന്നിങ്ങനെ ചോദിച്ച് കുട്ടിയെക്കൊണ്ട് ഊഹിപ്പിക്കൽ നടത്തണം
- തുടർന്ന് ഓരോ പേജായി എടുത്ത് ചിത്രസൂചനകൾ ഓരോ വാക്യത്തിന്റെ ചുവട്ടിലൂടെയും വിരലോടിച്ച് രക്ഷിതാവ് വായിക്കണം. മുഖ്യ കഥാപാത്രങ്ങളുടെ പേരുകൾ വരുമ്പോൾ കുട്ടികൾക്കായി വെല്ലുവിളി ഉയർത്താം. എങ്കിലും നിർബന്ധിച്ച് ചൊല്ലിക്കലോ വായനാപ്രതികരണമോ ചെയ്യരുത്.
- രക്ഷിതാവ് ഭാവാത്മകമായിട്ടാണ് വായിക്കേണ്ടത്. കുട്ടി ആവശ്യപ്പെടുന്ന പക്ഷം വീണ്ടും ആ പേജുകൾ വായിക്കേണ്ടിവ

...യുക്ത വായനയ്ക്ക് ശേഷം നടക്കേണ്ടത്.

വായന കഴിഞ്ഞാൽ വായിച്ചുകേട്ട കഥ ആശയച്ചോർച്ച ഇല്ലാതെ കുട്ടികളെക്കൊണ്ട് പറയിക്കണം. തെറ്റും പറയുമ്പോൾ ...തെറ്റ് വിട്ടുപോയി എന്ന് പറഞ്ഞ് തിരുത്തുന്നതിനു പകരം ...വച്ചിൽ പൂർത്തിയായി കഴിഞ്ഞ് എന്തെങ്കിലും വിട്ടുപോയോ എന്ന് ചോദിക്കുകയും ... വിട്ടുപോയ ഭാഗങ്ങൾ ഓർമ്മപ്പെടുത്തുകയും ചെയ്യാം. ആശയ ക്രമീകരണത്തിലും മാറ്റം വരാം. ഇവിടെ ഭാഷണ ശേഷിയാണ് വളരുന്നത്.

## കഥോത്സവം

രക്ഷിതാവിന്റെ നേതൃത്വത്തിൽ ചെറു പുസ്തകങ്ങൾ വായിച്ചുകേട്ട ...ികൾ അവ ക്ലാസിൽ പങ്കിടുന്ന പ്രവർത്തനമാണിത്.

വായനാനുഭവം ക്ലാസിൽ പങ്കിടാം കഥയെ പാട്ടാക്കാം കഥ ...ന്ത്) പറയാം ചിത്രം വരയ്ക്കാം അവസരം നൽകാം.

...ാസ് PTA യിൽ പുസ്തക വായന, പുസ്തകാവതരണം നടത്താം.

...ിലയാണ് മധുരം.

രണ്ടാം ഭാഗം തെരഞ്ഞെടുക്കുന്ന ടീച്ചർ നിർദ്ദേശിക്കുന്ന ഭാഗം വായിക്കാം, ഇഷ്ടമുള്ള ഭാഗം വായിക്കാം.

വർഷാവസാനം ഒന്നാം ക്ലാസുകാർ ചെറു ബാലസാഹിത്യ കൃതികൾ സഹായത്തിന്റെ കൂടാതെ വായിക്കുന്നതിലേക്ക് വളരുന്നു.

കുട്ടികൾ ബാലസാഹിത്യകൃതികൾ വായിക്കുന്നതുമായി ബന്ധപ്പെട്ട് ...വിധങ്ങളായ പ്രവർത്തനങ്ങൾ നടത്തും. അവധിക്കാലത്തും പ്രവർത്തനം തുടരും.

വായനാനുഭവങ്ങൾ വിവിധ രീതിയിൽ പങ്കിടൽ.

വായിച്ച പുസ്തകത്തിലെ ഉള്ളടക്കം വീഡിയോയിലൂടെ പങ്കിടൽ

കുട്ടി ഭാവാത്മക വായന നടത്തുന്നതിന്റെ വീഡിയോ പങ്കിടൽ.

പുസ്തകങ്ങൾ പരിചയപ്പെടുത്തൽ.

- വായിച്ച പുസ്തകത്തിലെ ഇഷ്ടപ്പെട്ട ചിത്രം ശ്രദ്ധേയമായ
- രംഗങ്ങൾ ചിത്രീകരിച്ച് സംഭാഷണമെഴുതൽ.
- സംയുക്തവായന - രക്ഷിതാവ് കുറച്ച് ഭാഗം കുട്ടി കുറച്ചുഭാഗം എന്നിങ്ങനെ ഇടവിട്ട് വായിക്കൽ.

# നിർമ്മാണശിൽപശാല

പ്രവൃത്തിപരിചയം ഭാഷയും ഉദ്ഗ്രഥിച്ചുള്ള പ്രവർത്തനത്തിനായ ക്ലാസിനായി ഒരുക്കേണ്ട. ഇതിനോ എന്ന പാഠത്തോടു ബന്ധിച്ചാണ് നിർമ്മാണശില്പശാല നടത്തേണ്ടത്.

ലക്ഷ്യങ്ങൾ.

1. പരിസ്ഥിതി സൗഹൃദമായ കളിയുപകരണങ്ങൾ പരിചയപ്പെടുത്തുക.
2. പ്രാദേശികമായി ലഭ്യമായ വസ്തുക്കളാൽ കളിപ്പാട്ടങ്ങളുണ്ടാക്കുക.
3. കുട്ടികളുടെ കലാപരമായ ശേഷിയും കഴിവുകളും വളർത്തുക.

നിർമ്മാണ ശില്പശാല സംഘാടനം.

1. ക്ലാസ് PTA യിൽ കളിപ്പാട്ട നിർമ്മാണശാലയുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ.
2. നിർമ്മിക്കേണ്ട ഇനങ്ങൾ തീരുമാനിക്കൽ
3. നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ള കണ്ടെത്തൽ.
4. നിർമ്മാണത്തിനുള്ള സാധനസാമഗ്രി വസ്തുക്കളുടെ സമാഹരണത്തിന് ചുമതലപ്പെടുത്തൽ.
5. രക്ഷിതാക്കളുടെ പങ്കാളിത്തം നിർബന്ധം.
6. എല്ലാ കുട്ടികളെയും വീട്ടിൽ നിന്നും കിട്ടുന്ന വസ്തുക്കൾ ഉപയോഗിച്ചുള്ള കളിപ്പാട്ടങ്ങൾ പരിചയപ്പെടുത്തുകയാണ്. അതിനാൽ കുട്ടികളും രക്ഷിതാക്കളുംതോറും

· മുതിർന്നവരുടെ സഹായത്തോടെ കുട്ടികൾക്ക് ഉണ്ടാകാവുന്ന ജനമായ കഴിവുകളെയും കുട്ടികൾക്ക് മാതൃകാപരമായി ഉണ്ടാകാവുന്നവയും ശേഷികൾ ഉണ്ടാകുന്നവയും വിദഗ്ധർ ഉണ്ടാക്കുന്നവയും പരിശോധിക്കണം.

· നിർമ്മാണ ശില്പശാല തിയതി തീരുമാനിക്കൽ (എല്ലാവർക്കും സൗകര്യമുള്ള ദിവസം)

9· ഉദ്ഘാടനച്ചടങ്ങ് നടത്താം.

10· പ്രചരണം (പോസ്റ്റർ, നവമാധ്യമങ്ങളിൽ കൂടി)

· നിർമ്മിച്ച വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കണം.

# റീഡേഴ്സ് തീയേറ്റർ

പാഠപുസ്തകത്തിലുള്ളതും പാഠപുസ്തകത്തിന് പുറത്തുള്ളതുമായ രചനകൾ ഭാവാത്മകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തീയേറ്റർ ഒരുക്കുന്നത്. സഹവർത്തിത വായനയാണ്. ചുമതലകൾ വിഭജിച്ചെടുത്തും പരസ്പരം സഹായിച്ചും ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

ലക്ഷ്യങ്ങൾ.

· ഭാവം ഉൾക്കൊണ്ട് ശബ്ദ വ്യതിയാനത്തോടെ സന്ദർഭോചിതമായി ഉച്ചത്തിൽ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.

· വായനയുടെ ആവിഷ്കാര സന്ദർഭം ഒരുക്കി വായനയോടും പുസ്തകങ്ങളോടും താല്പര്യം കൂട്ടുന്നതിന്.

പ്രവർത്തനങ്ങൾ.

· ക്ലാസ് PTA യിൽ ചർച്ച ചെയ്യൽ.

· റീഡേഴ്സ് തീയേറ്റർ വായനോത്സവത്തിന്റെ ഭാഗമായി ഉദ്ഘാടനം ചെയ്യാം.

· ആദ്യം ഒരു കഥ പാഠപുസ്തകത്തിലൂടെ അവതരിപ്പിക്കുന്നതിന്.

• കഥാപാത്രങ്ങൾ, സംഭവങ്ങൾ, സംഭാഷണങ്ങൾ എന്നിവ ഉള്ള കഥകള് തെരഞ്ഞെടുക്കൽ.
• കഥാപാത്രങ്ങളുടെ എണ്ണം കണക്കിലെടുത്ത് വിദ്യാർത്ഥികളെ വിഭജിക്കൽ.
• ഓരോരുത്തരും കഥാപാത്രങ്ങളെ തെരഞ്ഞെടുക്കൽ.
• കഥാപാത്രം പറയേണ്ട സംഭാഷണം നിശ്ചയിക്കൽ.
• ആരാണ് അവതാരക(ൻ) എന്ന് തീരുമാനിക്കൽ.
• വരികളുടെ ക്രമം തീരുമാനിക്കൽ.
• അവതാരക(ൻ) പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ.
• റിഹേഴ്സൽ ചെയ്യൽ.
• വേദിയിൽ അവതരണം.
• റിക്കാർഡ് ചെയ്ത് അവരെ കാണിച്ച് മെച്ചപ്പെടുത്തേണ്ടവ സംബന്ധിച്ച് ധാരണ രൂപീകരിക്കൽ.

അവതരണ വേദികൾ.

സ്കൂൾ അസംബ്ലി, സർഗവേള, ക്ലാസ് PTA, ഓൺലൈൻ വേദി പഠനോത്സവം തുടങ്ങിയ പൊതുവേദികളും ക്ലാസ് വേദികളും അവതരണത്തിനായി പ്രയോജനപ്പെടുത്താം.

മൂന്നാം ടേമിലാണ് റിപ്പോർട്ട് തയാർ ആക്കേണ്ടത്.

# രചനോത്സവം

യാവത്തെ തീരുമാനങ്ങളും ഭാഷാപഠനത്തിൽ കുട്ടികളുടെ ഉൾക്കൊള്ളുന്നതിൽ അനുയോജ്യമായ രചനാപ്രവർത്തനങ്ങൾ ആവശ്യമാണ്. തുറന്ന ചോദ്യങ്ങളും ചലനാത്മക ചിത്രങ്ങളും ഉൾപ്പെടുത്തി കുട്ടികളുടെ ഭാവന ഉണർത്തി രചനയിലേക്ക് നയിക്കണം. രചനകളിലെ വൈവിധ്യം മറ്റു കുട്ടികളുടെ സൃഷ്ടികൾ വായിക്കുന്നതിന് പ്രേരിപ്പിക്കും. മികവുള്ള സർഗാത്മകരചനകൾക്ക് അംഗീകാരം നൽകുന്നതും ഉചിതം. രണ്ടാം ടേം മുതൽ രചനോത്സവം ആരംഭിക്കും.

## ലക്ഷ്യങ്ങൾ

- കുട്ടികളുടെ സർഗാത്മക ശേഷി വികസിപ്പിക്കുന്നതിന്.
- സ്വതന്ത്ര രചനയ്ക്ക് അവസരം ഒരുക്കുക.
- അനുയോജ്യമായ ചിത്രം വച്ച് ചോദ്യങ്ങൾ ഉന്നയിക്കുക.
- രചനകൾ സ്വതന്ത്രമായി ചെയ്യുക.

## രചനോത്സവം പ്രക്രിയ.

- അധ്യാപകർക്കായി രചനോത്സവ ശില്പശാല.
- രചനോത്സവം എന്തിന്? എങ്ങനെ പ്രായോഗികമാക്കാം.
- ഭാവന ഉണർത്തുന്ന ചലനാത്മക ചിത്രങ്ങൾ തെരഞ്ഞെടുക്കൽ.
- ചിത്രങ്ങൾ ഓരോ ആഴ്ചയിലും ഒന്ന് വീതം എല്ലാ കുട്ടികൾക്കും ലഭ്യമാക്കൽ.
- ഒരു ചിത്ര സന്ദർഭത്തെ വിശകലനം ചെയ്യുന്നതിനായി ചോദ്യങ്ങൾ ഉന്നയിക്കുക.
- എന്താണ് സംഭവിക്കുന്നത് / ആരാണിവർ?
- ഇതിനു മുമ്പ് എന്തായിരിക്കും സംഭവിച്ചത്?
- ഇതിനുശേഷം എന്തായിരിക്കും സംഭവിക്കുക?
- എവിടെ / എപ്പോഴാണ് സംഭവം നടക്കുന്നത്.
- ചോദ്യങ്ങളും ചിത്രവും വിശകലനം ചെയ്ത ശേഷം കുട്ടികളുടെ

ഉലവിയ പ്രതികരണങ്ങൾ അവയെല്ലാം സാധ്യതകളുണ്ട്. ഏതെങ്കിലും സാധ്യതകൾ പരിഗണിക്കാം.

• തുടർന്ന് കുട്ടികളെ സർഗാത്മക രചനയിലേർപ്പെടാൻ അവ

## അച്ചടിച്ച രചനകൾ.

• എല്ലാ കുട്ടികളുടെയും തെരഞ്ഞെടുത്ത രചനകൾ ഉൾപ്പെ ക്ലാസിനൊന്നാകെ കയ്യെഴുത്തുകൾ പ്രകാശിപ്പിക്കാം.

• ഓരോ കുട്ടിയുടെയും രചനകൾ വേറെ വേറെ പുസ്ത പ്രകാശിപ്പിക്കാം.

• വായനാ കാർഡുകളാക്കി പ്രസിദ്ധീകരിക്കാം.

• അടുത്തുള്ള വായനശാലകൾക്ക് പ്രസിദ്ധീകരിച്ചവ കൈമ

# കൂട്ടെഴുത്തു പത്രം

വിഗോട്സ്കി തിയറി സഹവർത്തിത പഠനത്തിനുള്ളതാണെങ്കിൽ കൂട്ടെഴുത്തു പത്രം സഹവർത്തിത രചനയ്ക്കുള്ളതാണ്. താൻ പറയുന്ന രചന എങ്ങനെ എടുക്കാനും മറ്റുള്ളവർക്ക് വായിക്കാൻ പറ്റും വിധം വ്യക്തതയോടെ എഴുതാനും കൂട്ടെഴുത്തു പത്രം അവസരം നൽകും.

### ലക്ഷ്യങ്ങൾ

1. പരസ്പര ചിന്തയോടെ രചനാശേഷി വർദ്ധിപ്പിക്കൽ
2. കുട്ടികൾ നേരിടുന്ന ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഠന പങ്കാളികളുടെ സഹായം ഉറപ്പാക്കൽ.
3. രചനകൾ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിന് അവസരം ഒരുക്കൽ.

### പ്രവർത്തനങ്ങൾ.

→ ക്ലാസിൽ, വിദ്യാലയത്തിൽ നാട്ടിൽ നടന്ന വിശേഷപ്പെട്ട കാര്യങ്ങൾ പറയിക്കൽ.

…ബായിൽ നിന്നും നാലോ അഞ്ചോ ഇനങ്ങൾ തെരഞ്ഞെടുക്കൽ.

→ തെരഞ്ഞെടുത്ത ഇനങ്ങളുടെ അളവും ഗ്രൂപ്പുകൾ ആക്കിയതിൽ.

→ ഓരോ ഗ്രൂപ്പിനും ഓരോ ഇനം നിശ്ചയിക്കൽ.

→ കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ അഞ്ചോ വാക്യങ്ങൾ ഗ്രൂപ്പിനുള്ളിൽ പങ്കിടൽ

→ വാക്യങ്ങളുടെ എഴുത്തുക്രമം നിശ്ചയിക്കൽ

→ കിട്ടിയ വിഷയത്തെക്കുറിച്ച് നാലോ –

→ ഒരാൾ ഒരു വാക്യം വീതം എഴുതൽ (പെൻസിൽ)

മറ്റുള്ളവർ ആവശ്യമെങ്കിൽ സഹായിക്കണം.

→ എല്ലാവരുടെയും കൈയക്ഷരം നിർബന്ധം.

→ തിരുത്തി എഴുതൽ.

→ എഡിറ്റിംഗ്.

→ ഒരേ സൈസിലുള്ള പേപ്പറിലേക്ക് പകർത്തിയെഴുതൽ.

→ ചാർട്ടിൽ ഒട്ടിക്കൽ.

→ പത്രത്തിന്റെ പേരെഴുതൽ

→ പത്രപ്രകാശനം.

→ ഡിജിറ്റൽ കോപ്പി ക്ലാസ് വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കിടൽ.

## ശാസ്ത്രോത്സവം

പരിസരപഠനത്തിൽ വിവിധതീമുകളുമായി ബന്ധപ്പെട്ട് കുട്ടികൾ പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. വിവിധങ്ങളായ ശേഖരണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പ്രക്രിയാശേഷികളുടെ വികസനത്തിനായി നടത്തിയ നിരവധി പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങളും ക്ലാസിലുണ്ട്. കുട്ടികൾ നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുണ്ട്.

ലക്ഷ്യങ്ങൾ

→ ചെറുതെങ്കിലും ലളിതമായ പരീക്ഷണങ്ങൾ ചെയ്ത് നോക്കുന്നു.

→ എല്ലാ തീമുകളുമായും ബന്ധപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങളുടെ ഉൽപന്നങ്ങൾ പ്രദർശിപ്പിക്കാനും വിലയിരുത്തിക്കാനും അവസരമൊരുക്കൽ.

പ്രവർത്തനങ്ങൾ.

→ കുട്ടികളുമായി ചർച്ചചെയ്ത് ശാസ്ത്രോത്സവത്തിലെ ഇനങ്ങൾ പൊതുവായി നിശ്ചയിക്കുന്നു.

→ കുട്ടികളെ തീം അടിസ്ഥാനത്തിൽ ഗ്രൂപ്പുകളാക്കുന്നു. ഗ്രൂപ്പിന് പേരിടലും തീമുകളാകാം.

→ ഓരോ തീമുമായി ബന്ധപ്പെടുത്തുന്നവ:

പരീക്ഷണങ്ങൾ

പ്രദർശനസാധ്യതകൾ

ശാസ്ത്രജ്ഞന്റെ അഭിനയസാധ്യതകൾ.

ശാസ്ത്ര ഉപകരണങ്ങളും പാട്ടുകളും കഥകളും

പട്ടികകൾ എന്നിവ സഹായത്തോടെ കുട്ടികൾ കണ്ടെത്തുന്നു.

→ വിവിധ ഗ്രൂപ്പുകൾക്ക് അവതരണത്തിന്റെ സമയം, ക്രമം എന്നിവ നിശ്ചയിക്കുന്നു.

→ തയ്യാറെടുപ്പിന് മൂന്നോ നാലോ ദിവസം.

→ രക്ഷിതാക്കളെയും തീം അടിസ്ഥാനത്തിൽ ഗ്രൂപ്പാക്കുന്നു. അവർ അതേ തീം എടുത്ത കുട്ടികൾക്ക് സഹായം നൽകുന്നു.

→ ശാസ്ത്രോത്സവ ഉദ്ഘാടനം.

→ ശാസ്ത്രോത്സവ പ്രവർത്തനങ്ങൾ.

→ അവതരണങ്ങൾ വിലയിരുത്തുന്നതിനായി നാലാം ക്ലാസിലെ കുട്ടികളെ ചുമതലപ്പെടുത്തണം. രക്ഷിതാക്കളുടെ വിലയിരുത്തൽ ഗ്രൂപ്പും ഉണ്ടാകണം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 - 2026

## ക്ലാസ് - 2

മലയാളം
ഗണിതം
ഇംഗ്ലീഷ്

# മലയാളം

പൊതുവിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാവികാസം, വൈജ്ഞാനികശേഷി, സർഗാത്മകശേഷി, വൈകാരികശേഷി എന്നീ ശേഷികളിൽ കുട്ടിയുടെ ശേഷി പരിഗണിച്ചാണ് ക്ലാസ്സിലെ യൂണിറ്റ് പ്ലാൻ തയ്യാറാക്കുന്നത്. കുട്ടികൾക്ക് ശേഷി വികസനങ്ങൾ നൽകിക്കൊണ്ട് ഓരോ കുട്ടിയുടേയും സന്തോഷപ്രദമായ വികാസമാണ് ഈ വർഷം ലക്ഷ്യമിടുന്നത്. എല്ലാ വിഷയത്തിലും നൈപുണി നേടി ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയും എല്ലാ തലങ്ങളിലും മികവുറ്റവരായി തീരണം അതാണ് ലക്ഷ്യം.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച്, സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും

അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടു-ന്നതിന്.

- രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടേയും, അക്ഷരശുദ്ധമായ വായന ഉറപ്പാക്കുക.
- ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റി-ല്ലാതെ ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും, വ്യക്തിഗതമായ രചന-കളിൽ ഏർപ്പെടുകയും ചെയ്യുന്നു.
- ചിത്രത്തെ ആസ്പദമാക്കി സംഭാഷണം, ലഘു വിവരണം, കഥ എന്നിവ തയ്യാറാക്കുന്നു.
- ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും, ചൊല്ലുകയും ചെയ്യുന്നു (കവിതാ പൂരണം).

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാതലങ്ങളിലും ഉള്ള കുട്ടികളെ കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാമാസവും പിന്തുണ കുട്ടിക്ക് ലഭ്യമാകുന്നതിനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

## ജൂൺ

→ ചിത്രകാർഡുകൾ നൽകൽ
(ചിത്രവും പദവും ഉൾക്കൊണ്ട്)

→ ഭാഷണത്തിന് ക്ലാസിൽ അവസരമൊരുക്കൽ

→ വായനാ സാമഗ്രികൾ നിർമ്മിക്കൽ

→ വായനയും, എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.

## ജൂലൈ

→ ഭാഷയുമായി ബന്ധപ്പെട്ട് ICT സാധ്യത ഉറപ്പാക്കുന്നു.

→ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട്, വായനയുടേയും, എഴുത്തിന്റേയും സാധ്യത ഉറപ്പാക്കുന്നു.

→ സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.

## ആഗസ്റ്റ്

→ ക്ലാസ് ലൈബ്രറി പ്രവർത്തനക്ഷമമാക്കൽ

→ രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ

→ വീട്ടു ലൈബ്രറി ഒരുക്കൽ

→ ചിത്ര വിവരണം

→ വായനാതലത്തിൽ എത്തിച്ച് വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

## സെപ്റ്റംബർ

→ വായിച്ചറിഞ്ഞ കഥകൾ ചിത്രങ്ങളാക്കൽ

→ വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ

→ വായിച്ച കഥയിൽ നിന്ന ചോദ്യങ്ങളുണ്ടാക്കൽ

→ വായിച്ച കഥാസന്ദർഭങ്ങൾക്ക് രംഗാവിഷ്കാരം ചെയ്യൽ.

## ഒക്ടോബർ

→ കേട്ടതോ വായിച്ചറിഞ്ഞതോ ആയ കഥകൾ, സംഭാഷണങ്ങൾ എന്നിവ സ്വന്തം ഭാഷയിൽ വാചികമായി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കൽ

→ വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കാൻ വേണ്ടുന്ന മുൻഗണന നൽകുന്നു.

ഉദാ: ആന
വലിയ ആന
കറുത്ത വലിയ ആന

## നവംബർ

കുട്ടികളിൽ സ്വതന്ത്രവും സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം കൊടുക്കുന്നു.

## ഡിസംബർ

→ ഭാഷയുടെ വിവിധതലങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.

→ ലേഖന പ്രവർത്തനങ്ങളിൽ ഏർപ്പെട്ട് വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കാൻ അവസരം ഒരുക്കുന്നു.

## ജനുവരി

→ വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും, എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ (കവിതാ പൂരണം)

→ ലഘു വിവരണങ്ങൾ
പ്രത്യേകതകൾ എഴുതുന്നതിനും, വായിക്കുന്നതിനുമുള്ള അവസരം ഒരുക്കൽ

## ഫെബ്രുവരി

→ എല്ലാ മേഖലയിലുമുള്ള കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ (ഭാഷണം, ലേഖനം, എഴുത്ത്)

→ കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുള്ള അവസരം

## മാർച്ച്

→ വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ

→ ഇൻലന്റ് മാഗസിൻ ഓരോ കുട്ടിയും തയ്യാറാക്കൽ

→ ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ, കൈയ്യെഴുത്ത് മാസിക, മാഗസിനുകൾ തയ്യാറാക്കൽ.

→ വീട്ടുവായന, കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന ഇവയെ പ്രോത്സാഹിപ്പിക്കൽ

→ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി ശക്തമാക്കൽ

# ഗണിതം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ടു വന്നത്. ഓരോ പഠനഘട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നതിന് ഒരു മാർഗ്ഗ സഹായിയാണ് അദ്ധ്യാപികമാർ. ഗണിത പ്രവർത്തനത്തിലും തത്പരരായി നേടിയെടുക്കേണ്ടവ നേടിയെടുക്കുക തന്നെയാണ് ലക്ഷ്യം മുന്നോട്ട് വയ്ക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാ ബോധം, സംഖ്യകളെ വ്യാഖ്യാനിക്കൽ, സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ
- സംഖ്യാ ബോധവും, ക്രിയാശേഷികളും, എല്ലാവരിലും നേടിയെടുക്കുന്നതിന്
- ഗണിതക്കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു. എഴുതുന്നു (100 ൽ താഴെ)

* ഒരു സംഖ്യയോട് മറ്റൊരു സംഖ്യ കൂട്ടിയാൽ വ്യത്യസ്ത തരത്തിൽ ഉത്തരങ്ങൾ കൈവരിക്കാനാകും എന്ന മേഖലയിൽ എത്തിച്ചേരൽ
* പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോഗപ്പെടുത്തൽ.

## മുന്നൊരുക്കം

→ ഗണിതാശയങ്ങളിൽ കൂടി കൈവരിച്ചവ തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

## പ്രവർത്തന ലക്ഷ്യം

പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തൽ.

### ജൂൺ

→ 1, 2, 3, 4 ----
1, 3, 5, 7 ---
10, 20, 30, 40 ----
5, 10, 15, 20 ---
2, 4, 6, 8 ---- തുടങ്ങിയ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.

→ ഒരു സംഖ്യയോട് കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും 1 കുറച്ചാൽ തൊട്ടുമുമ്പുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.

## ജൂലൈ

→ ഒരു കൂട്ടം വസ്തുക്കളോട് അതേ എണ്ണത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർത്ത് ആ കൂട്ടത്തിന്റെ തുടർച്ചയായി എണ്ണി അതെ എണ്ണം പറയൽ.

→ ഗണിതകിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ

→ പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർത്ത് രണ്ടക്കസംഖ്യകൾ രൂപീകരിക്കൽ (5+5=10, 10+10=20)

## ആഗസ്റ്റ്

→ വിവിധ പാറ്റേണുകൾ രൂപീകരിക്കൽ

→ സംഖ്യകളുടെ പ്രത്യേകതകൾ കണ്ടെത്തൽ (99 നോട് 1 കൂട്ടിയാൽ 100. 10 10കൾ ചേർന്നാൽ 100 ആകും; 100 ഒന്നുകൾ ചേർന്നാൽ 100)

→ ഓരോ സംഖ്യകളെയും പ്രായോഗികതലങ്ങളിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ കണ്ടെത്തൽ

## സെപ്റ്റംബർ

→ ഗണിതകിറ്റിലെ സാധനങ്ങൾ നിരത്തി പ്രായോഗിക പ്രശ്നം പരിഹരിക്കൽ

→ വിലവിവര പട്ടിക തയ്യാറാക്കൽ

→ ക്ലാസിലൊരുകട, സ്കൂളിലൊരുകട. ഗണിതശേഷികൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കുന്നു.

## ക്ടോബർ

→ രണ്ടു സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

→ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

→ സംഖ്യ, പാറ്റേണുകൾ രൂപീകരിക്കൽ (പാറ്റേണിലെ സംഖ്യകൾക്ക് തമ്മിൽ നിശ്ചിത ബന്ധമുണ്ടെന്ന് കണ്ടെത്തൽ, പ്രായോഗിക പ്രശ്നം ഉണ്ടാക്കൽ
5---10---15---20---25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം ചെയ്യാം)

## നവംബർ

→ സ്ഥാന വില തിരിച്ചറിയൽ (ഒന്ന്, പത്ത്)

→ പ്രായോഗിക പ്രശ്ന പരിഹാരത്തിന്, കളി നോട്ടുകൾ പേപ്പർ മുഖേന വെട്ടി തയ്യാറാക്കി സംഖ്യ എഴുതൽ.

→ [illegible] കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ

→ നോട്ടുകളും, നാണയങ്ങളും തിരിച്ചറിയൽ, കൂട്ടി ചേർത്ത് സംഖ്യ രൂപീകരിക്കൽ
10 രൂപ + 5 രൂപ = 15 രൂപ നോട്ട് നാണയം

## ഡിസംബർ

→ സംഖ്യാബോധം തിരിച്ചറിവിൽ സംഖ്യാവ്യത്യാസങ്ങൾ

→ സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി (സ്ഥാന വില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ)

→ രണ്ടു സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.

**ജനുവരി** → വില വിവരപ്പട്ടിക തയ്യാറാക്കൽ.
വിവരങ്ങൾ ശേഖരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പറയൽ പ്രശ്ന നിർധാരണം ചെയ്ത് തുക കണ്ടെത്തൽ രീതികൾ

→ സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.

**ഫെബ്രുവരി**

→ ഗണിതം ആസ്വാദ്യമാക്കാൻ ഇടവേളകളിൽ ഗണിതാലാപനം നടത്തൽ

→ ഉല്ലാസഗണിതം materials ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ, ഗണിതപഠനക്കളികളിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ.

**മാർച്ച്**

→ കലണ്ടർ പതിപ്പ് തയ്യാറാക്കൽ

→ കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിവ്. മാസത്തിൽ ദിവസങ്ങളുടെ വ്യത്യാസം കണ്ടെത്തൽ.

→ കലണ്ടർ സംഖ്യാ ബന്ധങ്ങൾ, പാറ്റേണുകൾ രൂപീകരിക്കൽ

→ കലണ്ടർ ഭാഗാക്കി സംഖ്യകൾ താരതമ്യം ചെയ്യൽ

→ ഗണിതശേഷികൾ പ്രായോഗിക പ്രശ്നത്തി-ലൂടെ കൈകാര്യം ചെയ്യാൻ പ്രാപ്തരായി കഴിയുക.

# ENGLISH

**Aim** - To speak, Read & write English without any mistakes

**Time** - June, July, August

**June**

→ Pretest

→ To develop listening skills & reading skills first.

Listening skills

Games, Action Songs, Hello English activities, 2: Conversations, Skit Stories.

Use ICT

Speaking Skills

Descriptions, growing sentences, picture reading, picture description, Self introduction, Assembly activities speech, book review, quiz, riddles, self introduction, School radio etc.

**July & August**

Reading Skills

News paper reading, library books, reading, book review, reading breaking news, find words. Collect and read past tense, rhyming words; describing words. etc. Text book activities.

Writing Skills

Make word web, picture description, word Chain Sentence Chain, make words & Sentences make riddles, Conversations Add more lines, develop story, description, notice, proclamation, diary, letter, Announcement, magazines.

# ACADEMIC MASTER PLAN

3rd/4th



2025 - 2026

# മലയാളം

## ലക്ഷ്യങ്ങൾ

* സംഘപ്രവർത്തനങ്ങളിൽ ഏർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.

* കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും

* രചനകൾ ഭാവാത്മകമായി അവതരിപ്പിക്കും

* ആസ്വദിച്ച ഭാഷാഘടകങ്ങൾ ഹൃദിസ്ഥമാവുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യും.

* ലഘുവായ സർഗാത്മക രചനകൾ നടത്തും.

* കഥകളേയും കവിതകളേയും മറ്റും നാടകം, പാവനാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.

* ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും.

## ജൂൺ - ജൂലായ്

- കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം
- പുസ്തക ശേഖരണവും പ്രദർശനവും.
- നാടൻപാട്ടുകൾ ശേഖരണം (വായ്ത്താരികൾ ഉണ്ട്)
- പഴഞ്ചൊല്ലുകൾ ശേഖരണം.
- കഥാ ശേഖരം - ക്ലാസ് ലൈബ്രറി നവീകരണം
- നാടൻപാട്ടിലെയും കവിതയിലെയും താളം
- കഥോത്സവം
- കടങ്കഥകൾ ശേഖരണം
- കലയിലെ കേമൻ - അഭിമുഖം
- കലാരൂപങ്ങൾ വേഷവിധാനം ചിത്ര ശേഖരണം
- പാവനാടകം അടുത്തറിയാം.

## ആഗസ്റ്റ് - സെപ്തംബർ

- കുട്ടികൾ വരച്ച ചിത്രങ്ങൾ ഉള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്കി വയ്ക്കൽ.
- ക്ലാസ് ലൈബ്രറിയിൽ കുട്ടിക്കഥകൾ ഒരുക്കി വയ്ക്കൽ.
- നാടക ശിൽപശാല.

- റോൾ പ്ലേ അവതരണം
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ ശേഖരണം
- പലഹാരമേള
- കത്തുകൾ മാതൃകകൾ.
- ഹരിതകർമ്മസേന അംഗങ്ങളുമായി അഭിമുഖം.
- സ്കൂൾപത്രം .

സി.പി.ടി.എ ഒന്നാം മികവുത്സവം.

- നാടോടിക്കഥകൾ അവതരണം
- നാടൻ പാട്ടു അവതരണം
- പാവനാടകം അവതരണം.

## ഒക്ടോബർ - ഡിസംബർ

- കൃഷിയിടം സന്ദർശനം
- കൃഷിപ്പാട്ടുകൾ കൃഷിച്ചൊല്ലുകൾ അവതരണം
- കുട്ടിക്കളികൾ അവതരണങ്ങൾ
- പതിപ്പ്
- നാടൻപാട്ട്
- ശില്പശാല.

# EVS

## പരിസരപഠനം

ലക്ഷ്യങ്ങൾ

1) പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
2) ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക.
3) കുട്ടികളെ വ്യക്തിശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക.

## ജൂൺ - ഒക്ടോബർ

- പ്രകൃതി നടത്തം
- ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം.
- വിവിധ ആവാസ വ്യവസ്ഥകൾ അടുത്തറിയാം.
- ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച.
- നമുക്ക് ചുറ്റുപാടുമുള്ള മലിനീകരണ പ്രശ്നങ്ങൾ അന്വേഷിച്ചറിയാം . സ്വയം തിരുത്താം.
- പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം (ICT)
- ചർച്ച തെറ്റും ശരിയും.

## ജൂൺ - മാർച്ച്

- പൂന്തോട്ടം ഒരുക്കാം.
- വീട്ടിലും സ്കൂളിലും പൂന്തോട്ടം നിർമ്മിക്കാം
- ഒരു തൈ നടാം
- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ
- നട്ട വൃക്ഷത്തൈ പരിപാലിക്കാം.

## ജൂൺ

- Poster നിർമ്മാണം
- പ്രകൃതി സംരക്ഷണ poster തയ്യാറാക്കാം
  പരിസരങ്ങളിൽ പതിക്കാം.

## മാർച്ച് - മെയ്

ദാഹജലം

വേനൽക്കാലത്ത് കിളികൾക്ക് ദാഹജലം സജ്ജീകരിക്കാം

## ജൂൺ - മാർച്ച് (ലക്ഷ്യം - 2)

### ദിനകൃത്യങ്ങൾ

- ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ് സ്കൂളിൽ വരികയുള്ളൂ എന്ന ബോധം ഉറപ്പിക്കുന്നു.

- ശുചിത്വ ഓരോ ദിവസത്തെയും പരിശോധനാ ചുമതല ഓരോ ഗ്രൂപ്പിനും നൽകുന്നു.

**ജൂലൈ - മാർച്ച്**

**നമ്പർ വൺ**

ക്ലാസ് തലത്തിൽ ശുചിത്വ മത്സരം

വ്യക്തി ശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം
എന്നിവ അടിസ്ഥാനപ്പെടുത്തി മാർക്ക് നൽകുന്നു.

**ജൂൺ - ഡിസംബർ**

പരിസര നടത്തം

നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം
അടുത്തറിയാം - സർവ്വേ
മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ
കണ്ടെത്തുന്നു.
പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ

**ജൂലൈ - മാർച്ച്**

നല്ല ശീലം
പോസ്റ്ററുകൾ തയ്യാറാക്കാം
പരിസരങ്ങളിൽ പതിക്കാം.

**ജനുവരി - മാർച്ച്**

**ഫീൽഡ് ട്രിപ്പ്**

നമ്മുടെ നാടിന്റെ പരിസ്ഥിതിയെ അടുത്തറിയാനായി
ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു.
[കുളം വയൽ കാട് etc]

**ഡിസംബർ - ഫെബ്രുവരി**

ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

papergrid

Date: / /

# ENGLISH

Aim : To speak, Read & write English without any mistakes.

Time : June to March.

Pretest : To check the vocabulary and writing skills of pupils.

June and July.

- To develop listening skills and reading skills

Listening skills.

1. Games Action songs Hello English activities
2. Conversation skit Stories we ICT.

Speaking skills.

① Identify the naming words from pictures
② Identify the action words from same pictures
③ Make simple sentences using the action word and naming words about the picture
④ Make symbol description about the picture
⑤ Growing sentences, picture reading Self intro assembly are also conducted.

Activities.

Speech, book review, quiz, riddles self introduction, School radio etc.

papergrid

Date

August and September

Develop creative speaking & writing.

Reading skills.

News paper reading.
Library books reading.
Book review
reading breaking news.
find words.
Collect and read past tense
rhyming words.
describing words.
T B activities.

Writing skills
Make word web.
Picture description with describing word
word chain sentence chain
Make words & sentences.
make riddles, conversations
Add more lines.

Activities.

Speech, Book review, quiz, riddles,
Self intro, School radio, make magazine
descriptions.

papergrid

Date: / /

October and November.

To express thoughts feelings etc.

Reading Skills.

News paper reading, library books reading, book review

conversation, skit, stories use ICT
Reads breaking news.
Develop story.
Read Notice.

Writing Skills.

Description
Notice
Thought.

Activities : Speech, quiz, riddles, school radio, magazines, skits etc. class room post office.

~~February and March.~~

December and January.

Develop the creative speaking and writing
To express thoughts feelings etc.

papergrid

Date: / /

Reading skill

- News paper reading, library books reading, book review, reading.
- Conversations, skit stories use ICT materials.
- Reads breaking news
- Develop story.
- Reads diary
- Reads letters from friends

writing skills

diary
letter
announcement.

activities : speech, quiz, riddles
School radio, makes magazine
Skit, class room, post office
etc.

February and march.

To improve the presentation power.
Reading skill

News paper reading, library books reading
book review.
Conversation, skit, stories use ICT materials.
Reads breaking news.
Develop story
Reads diary.

papergrid

Date: / /

writing skills.

Diary.
letter
Announcement
Description
Notice proclamation
Thought.

activities Speech, quiz, riddles school radio makes magazines, skits class room post office, exhibition etc.

# MATHS

ഗണിതം.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലന ക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടാനും സന്ദർഭാനുസരണം സംഖ്യകളെ സ്ഥാനവിലയ്ക്ക് അനുസരിച്ച് പിരിച്ചെഴുതി സങ്കലന ക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യാനും ലക്ഷ്യമിടുന്നു.

9 വരെ സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണന ചിന്തയോടൊപ്പം ഗണന ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

June - July.

യൂണിറ്റ്: 1 രൂപങ്ങൾ വരയ്ക്കാം.

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ

ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം

തോണി നിർമ്മാണം.

Vegetable printing

ചതുരം വട്ടം ത്രികോണം എന്നീ രൂപങ്ങൾ ചേർത്ത് വെച്ച് കൂട്ടുകൂടി രൂപങ്ങൾ ചിത്രങ്ങൾ നിർമ്മിക്കുന്നു.

papergrid

Date: / /

July – August.

ഓരോ കുട്ടിക്കും കണക്കുപെട്ടി, ഗണിത ശില്പശാല
നിർമ്മിക്കണം.
1 മുതൽ 100 വരെ എഴുതിയ ടോക്കൺ
കളി നോട്ടുകൾ.
ഓരോ നോട്ടും 10 എണ്ണം വീതം
ഈർക്കിൽ കെട്ടുകൾ.
സംഖ്യാ സ്ട്രിപ്പ്.
അബാക്കസ് നിർമ്മാണം.

August – September.

പ്രായോഗിക പ്രശ്നങ്ങളുടെ നിർധാരണം.

October.

Scale നിർമ്മാണം.
കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം.

November, December.

ഗുണന വസ്തുത കാർഡ് നിർമ്മാണം.